# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4513** **28.06.2012-ൽ മറുപടിക്ക്**

**കോട്ടച്ചേരി റെയിൽവേ മേൽപ്പാലം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കാഞ്ഞങ്ങാട് നഗരസഭയിലെ കോട്ടച്ചേരിയിൽ അനുവദിച്ച റെയിൽവേ മേൽപ്പാലത്തിന്റെ പണി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്തത് എന്നാണെന്ന് പറയാമോ ; | (എ) കാഞ്ഞങ്ങാട് (ലവൽ ക്രോസ് നമ്പർ 274) റെയിൽവേ മേൽപ്പാലത്തിന്റെ പണി സർക്കാർ ഉത്തരവ് (സാധ.) നം. 108/2003/പൊ.മ.വ തീയതി 06.02.2003 പ്രകാരമാണ് ഗവൺമെന്റ് റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനെ ഏൽപ്പിച്ചത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്നറിയിക്കാമോ ; | (ബി) പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 30.11.2010 കാസർഗോഡ് കളക്ടർക്ക് റിക്വസിഷൻ സമർപ്പിക്കുകയും 23.02.2011 -ന് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയുടെ പരിഗണനയിൽ മൂന്നു കേസുകൾ നിലവിലുണ്ട്. ആയതിൽ തീർപ്പാക്കാത്തതുകൊണ്ടാണ് നിർമ്മാണം ആരംഭിക്കാത്തത്. |
| (സി) ഇതിന് നേരിടുന്ന തടസ്സം എന്താണെന്നും ആയത് നീക്കുവാൻ എന്ത് നടപടി സ്വീകരിച്ചു എന്നും വെളിപ്പെടുത്തുമോ ; | (സി) കേസുകളിൽ സ്റ്റേ ഒഴിവാക്കി കിട്ടുന്നതിനായി വേണ്ട നടപടി എടുക്കുന്നതിന് ആർ.ബി.ഡി.സി.കെ യുടെ സ്റ്റാൻഡിംഗ് കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) എങ്കിൽ മേൽപ്പാലത്തിന്റെ നിർമ്മാണപ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വിശദമാക്കുമോ ? | (ഡി) കേസുകൾ തീർപ്പായാൽ മാത്രമേ പദ്ധതി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

Sabitha

സെക്ഷൻ ഓഫീസർ